# പതിമൂന്നാം കേരള നിയമസഭ
## എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 2538 — 01.04.2013 -ൽ മറുപടിയ്ക്ക്

## രജിസ്ട്രേഷൻ പുനഃസ്ഥാപിച്ചു നൽകുന്നതിനുള്ള നടപടി

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. വി.ശിവൻകുട്ടി** | **ശ്രീ.ഷിബു ബേബി ജോൺ**<br>(ബഹു.തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| സംസ്ഥാനത്തെ വിവിധ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തതിനു ശേഷം യഥാസമയം രജിസ്ട്രേഷൻ പുതുക്കാൻ കഴിയാത്തതു കാരണം ആയതു നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ പുനഃസ്ഥാപിച്ചു നൽകുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ തയ്യാറാകുമോ; വിശദമാക്കാമോ? | എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർ ചെയ്തശേഷം, രോഗം, പ്രസവം, കരുതൽ തടങ്കൽ നിയമം അനുസരിച്ചുള്ള അറസ്റ്റ്, പ്രകൃതിക്ഷോഭം, വെള്ളപ്പൊക്കം, ഭൂമികുലുക്കം, തീപിടുത്തം, നിശാനിയമ പ്രഖ്യാപനം അല്ലെങ്കിൽ അതുപോലുള്ള നിയന്ത്രണം നടപ്പാക്കൽ മുതലായ കാരണങ്ങളാൽ രജിസ്ട്രേഷൻ പുതുക്കാൻ കഴിയാതെ വരുന്നവർക്ക്, ബന്ധപ്പെട്ട അധികാരികളിൽ നിന്നും സാക്ഷ്യപത്രം ഹാജരാക്കി രജിസ്ട്രേഷൻ പുതുക്കുവാൻ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മാന്വലിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ മേൽപ്പറഞ്ഞ കാരണങ്ങളാൽ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് രജിസ്ട്രേഷൻ പുതുക്കി നൽകുന്നതിന് അനുവാദം നൽകി വരുന്നുണ്ട്. എന്നാൽ മറ്റു കാരണങ്ങളാൽ യഥാസമയം രജിസ്ട്രേഷൻ പുതുക്കാതെ സീനിയോറിറ്റി നഷ്ടപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സീനിയോറിറ്റിയോടു കൂടി രജിസ്ട്രേഷൻ പുനഃസ്ഥാപിച്ചു നൽകുന്നതിന് സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാത്രമേ സാധിക്കുകയുള്ളൂ. തൊഴിലും പുനരധിവാസവും (ജി) വകുപ്പിന്റെ 30.05.12 ലെ സ.ഉ.(സാധാ)നമ്പർ 806/12/തൊഴിൽ ഉത്തരവ് പ്രകാരം, വിവിധ കാരണങ്ങളാൽ 01.01.93 മുതൽ 31.05.12 വരെയുള്ള കാലയളവിൽ റദ്ദായ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ, സീനിയോറിറ്റിയോടു കൂടി പുതുക്കി നൽകുന്നതിന് 01.06.12 മുതൽ 31.08.12 വരെ അവസരം നൽകിയിരുന്നു. റദ്ദായ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ സീനിയോറിറ്റിയോടുകൂടി പുതുക്കി നൽകുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ